# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 54** **28/10/2019-ന് മറുപടിക്ക്**

**ഭരണഭാഷ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി ഗീതാഗോപി:** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. എല്ലാ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിയിട്ടുണ്ട്. കൂടാതെ, ഔദ്യോഗികഭാഷ മലയാളമായിരിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. യൂണിക്കോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, കോഡുകളും മാന്വലുകളും ഫോറങ്ങളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ഓഫീസ്, വാഹനങ്ങളുടെ ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി വരുന്നുണ്ട്.<br>ഭരണഭാഷ സംബന്ധിച്ച ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി അവബോധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതതലസമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതലസമിതി, വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ വകുപ്പുതലസമിതി, വകുപ്പ് മേധാവി അദ്ധ്യക്ഷനായ വകുപ്പുതലഏകോപന സമിതി, ജില്ലാകളക്ടർ അദ്ധ്യക്ഷനായ ജില്ലാതലഏകോപനസമിതി, ജില്ലാതലമേധാവി അദ്ധ്യക്ഷനായ ജില്ലാതലഔദ്യോഗിക ഭാഷാസമിതി തുടങ്ങിയ സമിതികൾ നിശ്ചിത കാലയളവിൽ യോഗം ചേർന്ന് ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നുണ്ട്. ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ "ഭരണമലയാളം" എന്ന പേരിൽ ഔദ്യോഗികഭാഷാ വകുപ്പ് ഒരു ഓൺലൈൻനിഘണ്ടു തയാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ; | (ബി) 26-04-2017 ലെ സ. ഉ. (അച്ചടി) നമ്പർ 6/2017/ഉഭപവ പ്രകാരം, സർക്കാർ ഉത്തരവുകൾ മലയാളത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കേരള പി.എസ്.സി നടത്തുന്ന പരീക്ഷകളും, വകുപ്പുതല പരീക്ഷകളുടെ (ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്) ചോദ്യപേപ്പറുകൾ പൂർണ്ണമായും മലയാളത്തിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇവയ്ക്ക് എന്ന് മുതൽ പ്രാബല്യം ഉണ്ടാകുമെന്നു വ്യക്തമാക്കാമോ? | (സി) പത്താം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യതയുള്ള തസ്തികകൾക്ക് നിലവിൽ മലയാളത്തിലാണ് പി.എസ്.സി പരീക്ഷകൾ നടത്തുന്നത്. സാങ്കേതികയോഗ്യതകൾ ആവശ്യമില്ലാത്ത പ്ലസ് ടു തലം വരെ അടിസ്ഥാന യോഗ്യതയുള്ള തസ്തികകളുടെ പരീക്ഷകൾ മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്ലസ് ടു വിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും യൂണിവേഴ്സിറ്റിയിൽ പഠനമാധ്യമം മലയാളമല്ലാത്തതിനാൽ ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ഇതൊഴിവാക്കുന്നതിലേക്ക് ഭാഷാ ഇൻസിറ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായി സാങ്കേതിക പദങ്ങളുടെ മലയാള പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക പദങ്ങൾക്ക് തുല്യമായ പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ